ചാവേറ്റിക്കാട് ഹരിജൻ കോളനിയിലെ
പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

1761 [2683] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ ചാവേറ്റിക്കാട് ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇത് ഒരു ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്. 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർവരെ ഇവിടെ ആറുപേർക്ക് വീട് വൈദ്യുതീകരിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

ചെമ്പരുത്തി മുക്ക ഹരിജൻ കോളനിയിലെ
പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

1762 [2684] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ ചെമ്പരുത്തി മുക്കം ഹരിജൻ കോളനിയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇത് ഒരു ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്, ഇവിടെ മൂന്ന് ഹരിജൻ കുടുംബങ്ങൾക്ക് വൈദ്യുതീകരണത്തിനുള്ള ഗ്രാന്റും നാലു കുടുംബങ്ങൾക്ക് വീട് ഒടുമേയുന്നതിനുള്ള ഗ്രാന്റും രണ്ട് കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ഗ്രാന്റും രണ്ടുപേർക്ക് സാങ്കേതിക പരിശീലനം നേടിയവർക്ക് തൊഴിൽ ചെയ്യുന്നതിനായി അനുവദിക്കുന്ന ധനസഹായവും നൽകിയിട്ടുണ്ട്.

പ്ലാച്ചിലവട്ടം ഹരിജൻ കോളനിയിലെ
പട്ടികജാതിക്കാരുടെ ഉന്നമനം

1763 [2685] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ പ്ലാച്ചിലവട്ടം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജകമണ്ഡലത്തിലെ പ്ലാച്ചിലവട്ടം എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനിയോ ഹരിജൻ സങ്കേതമോ ഇല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly